BOOK POST

To,

Sri/Smt.........................................

...................................................

...................................................

...................................................

From

Secretary
Mudapuram Thengumvila
Bhagavathy Temple Public Trust
Reg. No.109/96,
Mudapuram P.O.,
Chirayinkeezhu

വിനായക 9809336438

ॐ

# മുടപുരം തെങ്ങുംവിള ഭഗവതിക്ഷേത്രം പബ്ലിക് ട്രസ്റ്റ്

രജി. നമ്പർ : 109/96
website: www.thengumvilaamma.com
email: thengumvilatrust2018@gmail.com
മുടപുരം പി. ഒ., ചിറയിൻകീഴ്
ഫോൺ : 8547381578, 0470 2641578



# വാർഷിക പൊതുയോഗം

**2024 നവംബർ 10 (1200 തുലാം 25) ഞായറാഴ്ച**

**ഉച്ചയ്ക്ക് 2 മണിക്ക്**

**സ്ഥലം : ക്ഷേത്രസദ്യാലയം**

## വാർഷിക പൊതുയോഗം

ബഹുമാന്യരെ,

മുടപുരം തെങ്ങുംവിള ഭഗവതിക്ഷേത്രം പ്ലബ്ലിക് ട്രസ്റ്റിന്റെ 32-ാമത് വാർഷിക പൊതുയോഗം **2024 നവംബർ 10 ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് ക്ഷേത്ര സദ്യാലയത്തിൽ** കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. എല്ലാ ട്രസ്റ്റ് അംഗങ്ങളും പങ്കെടുക്കണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

ആദരപൂർവ്വം,

സെക്രട്ടറി

പി.വി. ജയൻ

## ക്ഷേത്രഭരണസമിതി അംഗങ്ങൾ

| | | |
|---|---|---|
| ഡി. ബാബുരാജ് | പ്രസിഡന്റ് | 9048457027 |
| ബി. എസ്. സജിതൻ | വൈസ് പ്രസിഡന്റ് | 9400745858 |
| പി. വി. ജയൻ | സെക്രട്ടറി | 9947619988 |
| മദനകുമാർ. ബി | ജോ: സെക്രട്ടറി | 9567728675 |
| എൻ. എസ്. പ്രഭാകരൻ | ട്രഷറർ | 8714723130 |
| എസ്. പുഷ്പൻ | കമ്മിറ്റി അംഗം | 9847367089 |
| എസ്. സുജാതൻ | കമ്മിറ്റി അംഗം | 9061117752 |
| പ്രസന്നകുമാർ. ബി | കമ്മിറ്റി അംഗം | 9567975221 |
| രാജു. ജി | കമ്മിറ്റി അംഗം | 9747100775 |
| എസ്. ബിജുകുമാർ | കമ്മിറ്റി അംഗം | 7560884523 |
| വിജയരാജ്. ഡി | കമ്മിറ്റി അംഗം | 7012793292 |
| സുരേഷ്. എസ് | കമ്മിറ്റി അംഗം | 9072439104 |
| ഹരിലാൽ. എസ് | കമ്മിറ്റി അംഗം | 9400745267 |
| റിനി ജി. എസ്. | കമ്മിറ്റി അംഗം | 9846105721 |
| അജു. യു | കമ്മിറ്റി അംഗം | 9847448245 |
| അജീഷ് രാമദാസ് | കമ്മിറ്റി അംഗം | 9447655431 |
| അരുൺലാൽ. എം | കമ്മിറ്റി അംഗം | 8281579299 |
| സുമേഷ് എസ് | കമ്മിറ്റി അംഗം | 9745604188 |
| അനിൽകുമാർ. എ. പി. | കമ്മിറ്റി അംഗം | 9847121415 |
| മുരളി. വി | കമ്മിറ്റി അംഗം | 8848358394 |
| ഹരി ഓം പ്രസാദ് | കമ്മിറ്റി അംഗം | 9895402851 |

**ഉപസംഹാരം**

ക്ഷേത്രവുമായി സഹകരിക്കുന്ന സകലമാന പേർക്കും ട്രസ്റ്റ് ഈ അവസരത്തിൽ നന്ദി അറിയിക്കുകയാണ്. ഈ നാട്ടിലെ സമസ്ത ചരാചരങ്ങൾക്കും ദേവിയുടെ അനുഗ്രഹം ലഭിക്കുമാറാവട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ട്രസ്റ്റ് അംഗങ്ങളുടെ അറിവിനും അംഗീകാരത്തിനുമായി ഈ റിപ്പോർട്ട് ആദരപൂർവ്വം സമർപ്പിക്കുന്നു.

മുടപുരം തെങ്ങുംവിള ഭഗവതി ക്ഷേത്രം
പബ്ലിക് ട്രസ്റ്റിനുവേണ്ടി,

ഒപ്പ്
**പി. വി. ജയൻ**
(സെക്രട്ടറി)

ചോദ്യങ്ങളും പ്രമേയങ്ങളും നവംബർ 8 വൈകുന്നേരം 6 മണിക്ക് മുമ്പായി ക്ഷേത്രട്രസ്റ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. പൊതുയോഗത്തിൽ ട്രസ്റ്റ് അംഗങ്ങൾക്ക് മാത്രമേ പ്രവേശനം ഉണ്ടായിരിക്കുകയുള്ളൂ. ട്രസ്റ്റ് അംഗങ്ങളുടെ പേരുവിവരം ട്രസ്റ്റ് ഓഫീസിൽ ലഭ്യമാണ്.

( ഒക്ടോബർ 29-ലെ ഭരണസമിതി യോഗം അംഗീകരിച്ചത്)

## റിപ്പോർട്ട്

ബഹുമാന്യ ട്രസ്റ്റ് അംഗങ്ങളെ,

മുടപുരം തെങ്ങുംവിള ഭഗവതിക്ഷേത്രം പബ്ലിക് ട്രസ്റ്റിന്റെ 32-ാമത് വാർഷിക പൊതുയോഗത്തിൽ സന്നിഹിതരായിരിക്കുന്ന നിങ്ങളെ ഓരോരുത്തരെയും ട്രസ്റ്റിന്റെ പേരിൽ ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.

ഈ വർഷത്തെ നവരാത്രി മഹോത്സവം മുൻവർഷങ്ങളെ അപേക്ഷിച്ച് 11 ദിവസത്തെ വിവിധ കലാപരിപാടികളോടും പൂജാധികർമ്മങ്ങളോടും നടത്തുവാൻ കഴിഞ്ഞു. ഈ വർഷത്തെ വിദ്യാരംഭം അറിയപ്പെടുന്ന മഹത് വ്യക്തിയായ പ്രൊഫസർ സഹൃദയൻ തമ്പി.എം.ആർ ന്റെ നേതൃത്വത്തിൽ നടത്തുവാൻ കഴിഞ്ഞു. കൂടാതെ ഒക്ടോബർ 13 മുതൽ 20 വരെ ഒരു നാടിനെ ഒന്നാകെ നാമസങ്കീർത്തനങ്ങളാലും തത്വപ്രബോധനങ്ങളാലും ഭക്തിയുടെ മായിക ലഹരിയിൽ ആറാടിച്ച സംപൂജ്യസ്വാമി ഉദിത്ചൈതന്യജിയുടെ നേതൃത്വത്തിൽ ശ്രീമദ്ഭാഗവതസപ്താഹജ്ഞാനയജ്ഞം ഗംഭീരമായി നടന്നു.

ഇന്നാട്ടിലെ മുഴുവൻ ഭക്തജനങ്ങളും ക്ഷേത്രത്തോട് കാണിക്കുന്ന സഹായ സഹകരണങ്ങൾ നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട് കഴിഞ്ഞ സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട്, വരവ് ചെലവ് കണക്ക്, ബാലൻസ് ഷീറ്റ്, ആഡിറ്റ് റിപ്പോർട്ട്, 2025–26 വർഷത്തെ ബഡ്ജറ്റ് എന്നിവ യോഗത്തിന്റെ വിലയിരുത്തലിനും ക്രിയാത്മക ചർച്ചകൾക്കും നീതിപൂർവ്വമായ നിർദ്ദേശങ്ങൾക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

നൂറുകണക്കിന് ഭക്തർ പങ്കെടുത്ത വൃശ്ചികം 1-ലെ ഐശ്വര്യപൂജ 1500 ഓളം പങ്കെടുത്ത 41 ദിവസം നീണ്ടുനിന്ന വൃശ്ചിക വ്രതവിളക്ക് വഴിപാട്, ആയിരത്തിൽപ്പരംഭക്തർ പങ്കെടുത്ത സഹസ്രനീരാഞ്ജനം, ഏഴ് ദിവസം നീണ്ടുനിന്ന കുംഭഭരണിമഹോത്സവം, വിവിധ പൂജാദികർമ്മങ്ങളോടെ നടന്ന വിഷുമഹോത്സവം, ഒരുമാസക്കാലം നീണ്ടുനിന്ന രാമായണമാസാചാരണവും, ഔഷധ കഞ്ഞി വിതരണവും, നിറപുത്തരി, 2000-ൽപ്പരം ഭക്തർ പങ്കെടുത്ത വിനായകചതുർത്ഥി, അഷ്ടദ്രവ്യമഹാഗണപതിഹോമം, വിവിധ കലാപരിപാടികളോടും സരസ്വതി പൂജയോടും ആഘോഷിച്ച നവരാത്രി മഹോത്സവം, കുരുന്നുകൾ ശ്രേഷ്ഠ ഗുരുക്കന്മാരിൽനിന്നും ആദ്യാക്ഷരം കുറിച്ച വിദ്യാരംഭചടങ്ങ് എന്നിവ ട്രസ്റ്റ് ഏറ്റെടുത്ത് നടത്തിയ കഴിഞ്ഞവർഷത്തെ പരമ്പരാഗത ചടങ്ങുകളാണ്. എല്ലാ ചടങ്ങിലും ഭക്തജനങ്ങളുടെ അകമഴിഞ്ഞ സഹായ സഹകരണം ഉണ്ടായിരുന്നു.

## സിൽവർ ജൂബിലി മന്ദിരം

ക്ഷേത്രട്രസ്റ്റിന്റെ 25-ാംവാർഷികാഘോഷങ്ങളുടെ ഭാഗമായി ഉദ്ദേശം 50 ലക്ഷം രൂപ ചിലവഴിച്ച് നിർമ്മിച്ച സിൽവർ ജൂബിലി മന്ദിരം, ട്രസ്റ്റ് ഓഫീസ്, കോൺഫറൻസ് ഹാൾ, ഡോക്യുമെന്ററി റൂം, രണ്ട് ഗസ്റ്റ് റൂം, 250 പേർക്ക് ഇരുന്ന് ഭക്ഷണം കഴിക്കാവുന്ന മിനിഹാൾ എന്നിവയുടെ ഉദ്ഘാടനം 2024 ഫെബ്രുവരി 8ന് വർക്കല ശിവഗിരിമഠം ട്രസ്റ്റ് പ്രസിഡന്റ് ബ്രഹ്മശ്രീ സച്ചിദാനന്ദസ്വാമികൾ നിർവ്വഹിച്ചു.

**അംഗങ്ങൾ**

തൻവർഷം 54 അംഗങ്ങൾ പുതുതായി ചേർന്നതുൾപ്പെടെ ആകെ 2088 അംഗങ്ങൾ.

## ട്രസ്റ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി

ഡി. ബാബുരാജ്-പ്രസിഡന്റ്, പി.വി. ജയൻ -സെക്രട്ടറി, എൻ.എസ്. പ്രഭാകരൻ - ട്രഷറർ, ബി.എസ്. സജിതൻ വൈസ് പ്രസിഡന്റ്, ബി. മദനകുമാർ-ജോ.സെക്രട്ടറി, 16 മെമ്പർമാർ ഉൾപ്പെടെ 21 അംഗഭരണസമിതിയാണ് ട്രസ്റ്റിനു ഉള്ളത്

## ഉത്സവകമ്മിറ്റി

പി.കെ. ഉദയഭാനു ചെയർമാനായും ഡി.വിജയരാജ് ജനറൽ കൺവീനറായും നിരവധി സബ്കമ്മിറ്റികൾ ഉള്ളതുമായ ഉത്സവകമ്മിറ്റിയാണ് ട്രസ്റ്റിന് ഉണ്ടായിരുന്നത്.

## 2024 കുംഭ ഭരണി മഹോത്സവം

2024 ഫെബ്രുവരി 9 (1199 മകരം 26ന് ) തൃക്കൊടിയേറി 2024 ഫെബ്രുവരി 15(1199 കുംഭം 2 ന്) ഗരുഢൻ തൂക്കത്തോടെയും, കുത്തിയോട്ടത്തോടെയും, ചമയവിളക്കോടെയും തൃക്കൊടിയിറങ്ങിയ ഉത്സവം നാടിനെയാകെ ആഹ്ലാദത്തിൽ ആറാടിച്ചു.

അമ്പലവും പരിസരവും പരമാവധി ദീപാലങ്കൃതമാക്കി. തോറ്റംപാട്ടും പ്രതിഷ്ഠാ വാർഷികവും, പുഷ്പാലങ്കാരവും, അശ്വതിപൊങ്കാലയും, ഗരുഡൻ തൂക്കവും, ചമയവിളക്കും, കൊടിയിറക്കും, ആചാരവെടിക്കെട്ടും സമംഗളം നടത്തുവാൻ കഴിഞ്ഞു.

**ജീവനക്കാർ**

നമ്മുടെ ക്ഷേത്രത്തിൽ മേൽശാന്തി ശ്രീ. മനോജ് നമ്പൂതിരി, 3 പരിചാരകർ, 2 അടിച്ചുതളിക്കാർ, ക്ഷേത്രം മാനേജർ / അക്കൗണ്ടന്റ്, വെടിവെയ്പ്പ്, വെട്ടിയൊരുക്ക് ഉൾപ്പെടെ 8 ജീവനക്കാരും, 3 താൽക്കാലിക ജീവനക്കാരും, മേളക്കാർ, സദ്യാലയം ജീവനക്കാർ ഉൾപ്പെടെ പതിനഞ്ചോളം ക്ഷേത്ര ജീവനക്കാർ ഉണ്ട്.

**വികസനസമിതി**

ശ്രീ. എസ്. വി. അനിലാൽ ചെയർമാൻ, ശ്രീ. ഡി. വിജയരാജ് ജനറൽ കൺവീനർ, ശ്രീ. എൻ.എസ്. പ്രഭാകരൻ, ട്രഷറർ, ശ്രീ.പി.കെ. ഉയഭാനു ഉപദേഷ്ടാവ് എന്നിവർ ഉൾപ്പെട്ട വികസന സമിതിയാണ് ക്ഷേത്രത്തിൽ പ്രവർത്തിച്ചുവരുന്നത്.

**വനിതാവേദി**

ശ്രീമതി ഷൈലജ സത്യദേവൻ ചെയർപേഴ്സൺ ആയും ശ്രീമതി എസ്. സിന്ധു കൺവീനറായും ഉള്ള വനിതാവേദിയും പ്രവർത്തിക്കുന്നു

**ആഡിറ്റ്**

മുൻ വർഷത്തെപ്പോലെ ശ്രീ. എം.റ്റി. അഖിൽ & അസോസിയേറ്റ്സാണ് ഇത്തവണയും ട്രസ്റ്റിന്റെ കണക്കുകൾ ആഡിറ്റ് ചെയ്തത്.

## കാര്യപരിപാടികൾ

1) ഈശ്വരപ്രാർത്ഥന.
2) അനുശോചനപ്രമേയം.
3) സ്വാഗതം
4) നോട്ടീസും മുൻ യോഗ നടപടിയും വായിച്ച് അംഗീകരിക്കുക.
5) പ്രവർത്തന റിപ്പോർട്ട്
6) 2023–24 വർഷത്തെ വരവ് ചെലവ് കണക്ക് അവതരണം.
7) ബാലൻസ് ഷീറ്റ്, ആസ്തിബാധ്യത സ്റ്റേറ്റ്മെന്റ് – ആഡിറ്റ് റിപ്പോർട്ട് അവതരണം.
8) 2025– 26 വർഷത്തെ ബഡ്ജറ്റ് അവതരണം.
9) ചോദ്യങ്ങളും അവർക്കുള്ള മറുപടിയും.
10) ഭരണസമിതി തെരഞ്ഞെടുപ്പ്.
11) ഉത്സവകമ്മിറ്റി ചെയർമാൻ തെരഞ്ഞെടുപ്പ്.
12) ആഡിറ്ററെ തെരഞ്ഞെടുക്കൽ
13) ഇന്റേണൽ ആഡിറ്റർ തെരഞ്ഞെടുപ്പ്
14) വഴിപാടായി ലഭിച്ച പൊട്ട്, താലി എന്നീ സ്വർണ്ണാഭരണങ്ങളെക്കുറിച്ച് ചർച്ച
15) അധ്യക്ഷൻ അനുവദിക്കുന്ന ഇതര കാര്യങ്ങൾ. –
16) കൃതജ്ഞത